**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 24.09.2024

# “ഓപ്പറേഷൻ വിസ്ഫോടൻ”- സംസ്ഥാനത്ത് വെടിമരുന്ന് കൈകാര്യം ചെയ്യുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിലെ ക്രമക്കേട് കണ്ടെത്തുന്നതിനായി വിജിലൻസിന്റെ സംസ്ഥാനതല മിന്നൽ പരിശോധന

സംസ്ഥാനത്ത് വെടിമരുന്ന് കൈകാര്യം ചെയ്യുന്നതിന് അനുവാദം നൽകുന്ന ലൈസൻസുകൾ അനുവദിക്കുന്നതിലും, അവ പുതുക്കി നൽകുന്നതിലും ക്രമക്കേടുകൾ നടക്കുന്നതായി വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ “ഓപ്പറേഷൻ വിസ്ഫോടൻ” എന്ന പേരിൽ ഇന്ന് (24/09/2024) രാവിലെ 11:00 മണി മുതൽ വിജിലൻസ് സംസ്ഥാന വ്യാപക മിന്നൽ പരിശോധന നടത്തുന്നു.

ലൈസൻസുകൾ വിതരണം ചെയ്യുന്ന സംസ്ഥാനമൊട്ടാകെയുള്ള കളക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനുകളിലും തിരഞ്ഞെടുത്ത ലൈസൻസുകൾ നേടിയ സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുമാണ് വിജിലൻസ് സംസ്ഥാന വ്യാപക മിന്നൽ പരിശോധന നടത്തിവരുന്നത്.

“ഓപ്പറേഷൻ വിസ്ഫോടൻ” എന്ന പേരിൽ നടക്കുന്ന സംസ്ഥാനതല മിന്നൽ പരിശോധനയിൽ എല്ലാ വിജിലൻസ് യൂണിറ്റുകളും പങ്കെടുത്തു വരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.